**പതിനാലാം കേരള നിയമസഭ**
**ഒന്നാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 1309 13.07.2016 -ൽ മറുപടിയ്ക്ക്**

**അന്തർ സംസ്ഥാന നദീജല കരാർ**

| **ചോദ്യം** | | **ഉത്തരം** |
|---|---|---|
| **ശ്രീ. പി. ടി. തോമസ്** | | **പിണറായി വിജയൻ (മുഖ്യമന്ത്രി)** |
| (എ) അന്തർ സംസ്ഥാന നദീജല കരാറുകളെ സംബന്ധിച്ച് ഏതെങ്കിലും തരത്തിലുള്ള റിവ്യൂ നടത്താൻ ഉദ്ദേശിക്കുന്നുണ്ടോ എന്ന് വ്യക്തമാക്കുമോ ; | (എ) | പറമ്പിക്കുളം ആളിയാർ പദ്ധതികരാർ 30 വർഷത്തിലൊരിക്കൽ പുനരവലോകനം ചെയ്യേണ്ടതുണ്ട്. അതിന്റെ നടപടിക്രമങ്ങൾ കേരളത്തിന്റെ താല്പര്യങ്ങൾ പൂർണ്ണമായും സംരക്ഷിച്ചുകൊണ്ട് പൂർത്തിയാക്കാൻ സർക്കാർ ശ്രമിച്ചുവരുന്നുണ്ട്. |
| (ബി)മുല്ലപ്പെരിയാർ പ്രശ്നത്തിൽ കേരള നിയമസഭയും സർവ്വകക്ഷിയോഗവും എടുത്ത തീരുമാനങ്ങളിൽ നിന്നും ഏതെങ്കിലുംതരത്തിലുള്ള വ്യതിചലനം ആലോചിക്കുന്നുണ്ടോ എന്നും ഉണ്ടെങ്കിൽ അതിന്റെ കാരണമെന്തെന്നും വ്യക്തമാക്കുമോ ;<br>(സി) ഇല്ലെങ്കിൽ ഇതു സംബന്ധിച്ച് വ്യത്യസ്ഥമായ പ്രസ്ഥാവനകൾ മുഖ്യമന്ത്രിയുടെ ഭാഗത്തുനിന്നും ഉണ്ടാകാൻ ഇടയായ സാഹചര്യം വെളിപ്പെടുത്തുമോ ; | (ബി) & (സി) | കേരള നിയമസഭയും സർവ്വകക്ഷി യോഗവും എടുത്ത തീരുമാനങ്ങളിൽ തന്നെ ഇപ്പോഴും ഉറച്ചു നിൽക്കുന്നു.വ്യത്യസ്തമായ പ്രസ്താവനകൾ മുഖ്യമന്ത്രിയുടെ ഭാഗത്തുനിന്നും ഉണ്ടായിട്ടില്ല. |
| (ഡി) മുല്ലപ്പെരിയാർ കരാറിന്റെ നിയമ സാധുതകളെ സംബന്ധിച്ചും ഡാമിന്റെ സുരക്ഷാപ്രശ്നങ്ങളെ സംബന്ധിച്ചും ഏതെങ്കിലും ദേശീയ അന്തർദേശീയ സമിതികളെ പരിശോധനയ്ക്ക് ചുമതലപ്പെടുത്താൻ ആലോചിക്കുന്നുണ്ടോ എന്ന് വിശദമാക്കാമോ ? | (ഡി) | ദേശീയ, അന്തർദേശീയ വിദഗ്ധ സമിതികളെ പരിശോധനയ്ക്ക് ഏർപ്പെടുത്തുന്നതുമായി ബന്ധപ്പെട്ട് ഇരു സംസ്ഥാനങ്ങളും ചർച്ച ചെയ്ത ശേഷം ആലോചിക്കുന്നതാണ്. |

**സെക്ഷൻ ഓഫീസർ.**